Monthly Price Rs. 4/- 2012

# ബൈബിൾ ട്രൂത്ത്

ദൈവത്തിന്റെ വചനം

# THE BIBLE TRUTH

**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3**

| വിശ്വാസ പ്രമാണം ആവശ്യമാണ് 'എങ്കിൽ'... | മനുഷ്യർക്ക് അധികാരം ഉണ്ട് 'എങ്കിൽ'... | ഏതെങ്കിലും പേർ മതി 'എങ്കിൽ'... | രക്ഷ സഭയ്ക്കു പുറത്ത് ഉണ്ട് 'എങ്കിൽ'... | നിങ്ങൾ രക്ഷ മാറ്റി വെക്കുന്നു 'എങ്കിൽ'... |
|---|---|---|---|---|
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ 3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ 11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ 2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 26** | **October 2012** | **No.7**

# എഡിറ്റോറിയൽ

മനുഷ്യൻ വളരെ വേഗത്തിൽ പല കാര്യങ്ങളിലും മുന്നേറിക്കൊണ്ടിരിക്കുന്നു എന്നത് ഒരു പരിധിവരെ ശരിയാണ്. അത് അംഗീകരിക്കുമ്പോൾ തന്നെ മനുഷ്യനിലെ മറ്റൊരു വശം നാം കാണാതെ പോകരുത്. ഒരു നാണയത്തിന് രണ്ട് വശങ്ങളുള്ളതുപോലെ, മനുഷ്യനിലും രണ്ട് സ്വഭാവരീതികൾ കാണുന്നുണ്ട്. നമ്മുടെ ചിന്താഗതിയാണ് നമ്മുടെ സ്വഭാവം വ്യക്തമാക്കുന്നത്. ജാതി, മത, വർഗ്ഗ വ്യത്യാസത്തെ വെച്ചു പുലർത്തുന്ന സമൂഹങ്ങളായിരുന്നു പണ്ടുണ്ടായിരുന്നത് എന്ന് ചരിത്രം പഠിച്ചിട്ടുള്ള എല്ലാവർക്കും അറിയാം. മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുവാനായി ഉണ്ടാക്കിയ തത്വങ്ങളായിരുന്നു അവയെല്ലാം. വിദ്യാഭ്യാസം അവക്കെല്ലാം കുറെ മാറ്റം വരുത്തി. എന്നാൽ ആളുകൾ എവിടെയുമെത്തിയിട്ടില്ല എന്ന് സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ വ്യക്തമാക്കുന്നു. എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്? ആളുകൾ വീണ്ടും ഇടുങ്ങിയ ചിന്താഗതിക്കാരാകുകയാണോ? അതോ ആളുകൾ പഴയ ജീവിതരീതിയാണ് നല്ലതെന്ന് ചിന്തിക്കുകയാണോ? എല്ലാവരും മനസിരുത്തി ചിന്തിക്കണം.

നാം ജീവിക്കുന്ന ചുറ്റുപാടും എന്തെല്ലാം നടന്നുകൊണ്ടിരിക്കുന്നു എന്നു കണ്ണോടിക്കുക. വർഗീയ കലാപങ്ങളുണ്ടാകുന്ന രാജ്യം എടുത്താൽ അവിടെയുള്ള ആളുകളുടെ ആത്മിയനിലവാരം വ്യക്തി സ്വാതന്ത്ര്യത്തെ ആസ്പദമാക്കിയിരിക്കുന്നു എന്നു കാണാം. സ്വാതന്ത്ര്യം നല്ലതാണ്. പക്ഷെ അത് അതിരു കടന്നാൽ അപകടമാണ്. ഓരോ സമൂഹത്തിലും പ്രത്യേക സമുദായ വിഭാഗങ്ങൾ കണ്ടേക്കാം. അതെല്ലാം അപരിഷ്കൃത സമൂഹം തുടങ്ങി വെച്ചതാണ്. അതിന്റെ പേരിൽ രാഷ്ട്രീയ

സംഘടനകൾ.ഉണ്ടാക്കുകയോ, ഒത്തൊരുമിച്ച് നിന്ന് ആനുകൂല്യങ്ങൾ സമ്മർദ്ദിച്ച് നേടിയെടുക്കുകയോ ചെയ്യുമ്പോൾ സമൂഹത്തിൽ അകാരണമായി പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന് അവർ ചിന്തിക്കുന്നില്ല. ഏതൊരു സമൂഹവും ഭൗതികമായും ആത്മികമായും ഉയരണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. പക്ഷെ അതെങ്ങനെ കൈവരിക്കാമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെയാണ് വിദ്യാഭ്യാസത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത്. ലൗകികമായ അറിവ് മാത്രമായാൽ പോരാ. ആത്മിയമായ അറിവിലേക്ക് ആളുകൾ വരണം. ദൈവികകാര്യങ്ങളെ എല്ലാവരും മനസിലാക്കണം.

ആധുനിക മനുഷ്യൻ സംസ്ക്കാരമെന്ന് പറയുന്ന കാര്യങ്ങൾ അപഗ്രഥനം ചെയ്താൽ അതിന്റെ ഉത്ഭവവും ഇന്നത്തെ അവസ്ഥയുമെല്ലാം എവിടെനിൽക്കുന്നു എന്നു കാണാം. മനുഷ്യൻ സൽഗുണപൂർണ്ണരാകുവാൻ ആത്മിയ പഠനത്തിനു മാത്രമെ കഴിയു. നമ്മെ ഈ ഭൂമിയിലാക്കിയ ദൈവം ഓരോരുത്തരുടേയും ജീവിതം എങ്ങനെയായിരിക്കണം എന്നു നിർദ്ദേശിച്ചിരിക്കുന്നു. അത് ഒരു സമതുലനാവസ്ഥയും സമാധാനവും സമൂഹത്തിലുണ്ടാകുവാനാണ്.. പക്ഷെ മതവ്യത്യാസത്തിന്റെ പേരിൽ പലരും അതിനെ മാറ്റി നിർത്തിയിരിക്കുകയാണ്. ആ ഒരു സമീപനം ആളുകളുടെ ഹൃദയത്തിൽനിന്നു മാറണം. എങ്കിൽ മാത്രമെ മനുഷ്യരുടെ ജീവിതത്തിലെ സംസ്ക്കാരം ഉയരുകയുള്ളു.

എല്ലാവരും സത്യത്തിന്റെ പരിജ്ഞാനത്തിലെത്തണം എന്ന് ദൈവം ആജ്ഞാപിച്ചിരിക്കുന്നതിന്റെ കാരണം മറ്റൊന്നല്ല. സമത്വവും സാഹോദര്യവും സ്നേഹത്തിൽ വളർത്തിയെടുക്കുമ്പോൾ സമൂഹം ഭിന്നിക്കുകയോ ചൂഷണം ചെയ്യപ്പെടുകയോ ഇല്ല. സ്വാർത്ഥത ഉപേക്ഷിച്ച് മറ്റുള്ളവരെ ത്യാഗത്തോടുകൂടി സ്നേഹിക്കുവാനുള്ള മനസ് എല്ലാവരിലുമുണ്ടാകണം. മാനുഷിക ബുദ്ധിയിൽ നിന്നുയരുന്ന കൂട്ടായ്മയോ വേർതിരിവോ അല്ല ആവശ്യം. മറിച്ച് ദൈവജ്ഞാനപ്രകാരമുള്ള കൂട്ടായ്മയും വേർപാടുമാണ് അത്യാവശ്യം. അതിനായി എല്ലാവരും ക്രിസ്തുവിന്റെ ഉപദേശം വിശ്വസിച്ച്, പാപങ്ങളിൽനിന്നു തിരിഞ്ഞ്, ക്രിസ്തു ദൈവപുത്രനാണെന്ന വിശ്വാസം ഏറ്റു പറഞ്ഞു പാപമോചനത്തിനായി സ്നാനമേൽക്കുകയും ചെയ്യുക. അപ്പോൾ നമ്മുടെ മനസാക്ഷി ശുദ്ധമായി തീരും. പിന്നെ മരണത്തോളം ദൈവവചനം അനുസരിച്ച്, വിശ്വസ്തമായി അവനെ ആരാധിക്കുകയും സേവിക്കുകയും വേണം. അപ്പോഴാണ് നമ്മുടെ ജീവിതം സമൂഹത്തിന് പ്രയോജനപ്രദമാകുന്നത്.

✶

## പാപം

# പഴയ മനുഷ്യനെ ഉപേക്ഷിക്കുക

### *J.C.* ചോട്ട്

നമ്മുടെ ശബ്ദാവലിയിൽനിന്നു പാപം എന്ന വാക്ക് അപ്രത്യക്ഷമായ നിലയിലാണ് കാണപ്പെടുന്നത്. മദ്യപാനം ഒരു പരിഷ്ക്കാരമായി മാറിയിരിക്കുന്നു. സ്വയഭോഗം ഒരു ജീവിതരീതിയായി കണക്കാക്കുന്നു. ഭോഷ്ക്ക് പറയുന്നത് ഒരു നമ്പരായി അറിയപ്പെടുന്നു. അങ്ങനെ പാപപ്രവൃത്തികളെ ഗൗരവമല്ലാത്ത രീതിയിലേക്ക് മാറ്റിയിരിക്കുകയാണ്. അവയ്ക്കൊന്നും ആധികാരികതയില്ലെങ്കിലും അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്നു കാണാം. അവയെല്ലാം ഏതു പേരിൽ വിളിച്ചാലും പാപപ്രവൃത്തി ആകാതിരിക്കുന്നില്ല. തിരുവെഴുത്തിൽ അവയെ പാപമായിത്തന്നെ ആണ് പറഞ്ഞിരിക്കുന്നത്. നിയമത്തെ ലംഘിക്കുന്നതാണ് പാപം. പാപം അധർമ്മമാണ്. അതിനെ എത്ര വെള്ളപൂശിയാലും, അതിന്റെ ഫലത്തിൽനിന്നു ഒഴിഞ്ഞുമാറുവാൻ കഴിയുകയില്ല. ദൈവദൃഷ്ടിയിൽ പാപമായി വേർതിരിച്ചിരിക്കുന്ന ഓരോന്നും മനുഷ്യജീവിതത്തിൽനിന്നും അപ്രത്യക്ഷമാകണം എന്നതാണ് ദൈവത്തിന്റെ ഉദ്ദേശം.

അത്തരം പാപങ്ങളെ ദൈവവചനത്തിൽ ജഡത്തിന്റെ പ്രവൃത്തികളായിട്ടാണ് പറഞ്ഞിരിക്കുന്നത്. അതായത് ശരീരത്തിന്റെ ഇഛയനുസരിച്ച് ചെയ്യുന്ന കാര്യങ്ങൾ എന്നർത്ഥം. നമ്മിൽ പുറമെയുള്ള ശരീരവും അകമെയുള്ള ആത്മാവും ഉണ്ട്, ആത്മാവിന്റെ പ്രവൃത്തികളും ജഡത്തിന്റെ പ്രവൃത്തികളും വ്യത്യസ്തമായി നാം കാണണം. ആത്മാവിന്റെ പ്രവൃത്തി ദൈവത്തെ പ്രസാദിപ്പിക്കുന്നതും ശരീരത്തിന്റെ പ്രവൃത്തി നമ്മിലെ മനുഷ്യനെ പ്രസാദിപ്പിക്കുന്നതുമാണ്. അവയിൽ ചിലതിനെ "ദുർന്നടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ" (ഗലാത്യർ 5:19-21). ജഡത്തിന്റെ പ്രവൃത്തികൾ ആത്മാവിന് വിരുദ്ധമാകയാൽ ഓരോരുത്തരും അവയെ ഉപേക്ഷിക്കണം. അതിനുവേണ്ടിയാണ് നാം ശ്രമിക്കേണ്ടത്.

അത്തരത്തിലുള്ള അനീതികൾ പ്രവർത്തിക്കുന്നവർക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ അപ്പൊസ്തലന്മാർ വേദഭാഗങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ദൈവം വിലക്കിയിരിക്കുന്ന ഓരോന്നിന്റേയും ഉദ്ദേശം വചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു കാരണം അപ്പൊസ്തലനായ പൗലൊസ് സൂചിപ്പിച്ചിരിക്കുന്നത് നമുക്ക് നോക്കാം, "അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല. എന്നു നിങ്ങൾ അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ, ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല"(1 കൊരിന്ത്യർ 6:9, 10).

ലോകത്തെയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽനിന്നല്ല, ലോകത്തിൽനിന്നത്രെ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു എന്നു യോഹന്നാൻ എഴുതി(1 യോഹന്നാൻ 2:15-17).

ന്യായപ്രമാണമോ നീതിമാനല്ല, അധർമ്മികൾ, അഭക്തർ, അനുസരണം കെട്ടവർ, പാപികൾ, അശുദ്ധർ, ബാഹ്യന്മാർ, പിതൃഹന്താക്കൾ, മാതൃഹന്താക്കൾ, കുലപാതകർ, ദുർന്നടപ്പുകാർ, പുരുഷമൈഥുനക്കാർ, നരമോഷ്ടാക്കൾ, ഭോഷ്ക്ക് പറയുന്നവർ, എന്നീ വകക്കാർക്കും പത്ഥ്യോപദേശത്തിന് വിപരീതമായ എതിന്നും അത്രേ വെച്ചിരിക്കുന്നത് എന്നു ഗ്രഹിച്ചുകൊണ്ട്, അതിനെ ന്യായോചിതമായി ഉപയോഗിച്ചാൽ, ന്യായപ്രമാണം നല്ലതുതന്നെ എന്നു നാം അറിയുന്നു(1 തിമൊഥെയൊസ് 1:8-10). ഈ പരിജ്ഞാനം എങ്കൽ ഭരമേൽപിച്ചിരിക്കുന്നതായി ധന്യനായ ദൈവത്തിന്റെ മഹത്വമുള്ള സുവിശേഷത്തിന്നു അനുസരണമായതു തന്നെ. പഴയനിയമമായാലും പുതിയനിയമമായാലും അത് പ്രമാണിക്കേണ്ടവർ ശരിയായി വിവേചിച്ചുവേണം മനസിലാക്കുവാൻ. അല്ലെങ്കിൽ അതുകൊണ്ട് പ്രയോജനം ഇല്ലാതെയാകും.

അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ

സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധന്മാരും വാൽസല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും, അജിതേന്ദ്രിയന്മാരും, ഉഗ്രന്മാരും, സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക. വീടുകളിൽ നുഴഞ്ഞു കടക്കയും പാപങ്ങളെ ചുമന്നുകൊണ്ട് നാനാമോഹങ്ങൾക്കും അധീനരായി എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത പെണ്ണുങ്ങളെ സ്വാധീനമാക്കുകയും ചെയ്യുന്നവർ ഈ കൂട്ടത്തിലുള്ളവർ ആകുന്നു(1 തിമൊഥെയൊസ് 3:1-7).

മുകളിൽ നാം ശ്രദ്ധിച്ചതുപോലെ, പാപം എന്നത് വളരെ മോശമായ പ്രവൃത്തിയാണ്. അവ തെറ്റും ദൈവനിയമത്തിനു എതിരുമാണ്. അവ ജഡത്തിന്റെ പ്രവർത്തികളാണ്, അശുദ്ധവും, അഭക്തവുമാണ്. വ്രണപ്പെടുത്തുന്നതും നശിപ്പിക്കുന്നതുമാണ്, മനസിനേയും, ആത്മാവിനേയും ശരീരത്തെയും നശിപ്പിക്കും. ഏതു കാരണം നിമിത്തം ചെയ്താലും അതിന്റെ ഭവിഷ്യത്ത് വലുതായിരിക്കും.

ദൈവനിയമത്തെയും പ്രകൃതി നിയമത്തെയും മനുഷ്യനിയമത്തെയും ലംഘിക്കുന്നതാണ് പാപം. യോഹന്നാൻ എഴുതി, "പാപം ചെയ്യുന്നവൻ അധർമ്മവും ചെയ്യുന്നു; പാപം അധർമ്മമത്രെ. പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്നു നിങ്ങൾ അറിയുന്നു. അവനിൽ പാപം ഇല്ല. അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവൻ ആരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല. കുഞ്ഞുങ്ങളേ ആരും നിങ്ങളെ തെറ്റിക്കരുത്. അവൻ നീതിമാനായിരിക്കുന്നതുപോലെ നീതി ചെയ്യുന്നവൻ നീതിമാനാകുന്നു. പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. അവൻ ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി(1 യോഹന്നാൻ 3:4-8). പാപമില്ലാത്തവനായി ജീവിച്ച യേശു പാപികളുടെ പാപപരിഹാരത്തിനായി യാഗമായി തീർന്നതു മഹാ ഭാഗ്യമായി.

"ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേ

ജസ് ഇല്ലാത്തവരായി"(റോമർ 3:23). നാം പാപികളായിരുന്നപ്പോൾ ക്രിസ്തു നമുക്കു വേണ്ടി മരിച്ചത് ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുവാനായിരുന്നു. അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടാൽ മാത്രമെ നമുക്ക് ദൈവകോപത്തിൽനിന്നു മോചനമുള്ളു. പിശാചിന്റെ പ്രവർത്തികളാണ് പാപം. ആ പ്രവൃത്തികളെ അഴിപ്പാനാണ് ദൈവപുത്രൻ പ്രത്യക്ഷനായത്. പാപത്തിന്റെ ശമ്പളം മരണമത്രെ(റോമർ 6:23). "ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, വിഗ്രഹാരാധികൾ, ഭോഷ്ക്ക് പറയുന്നവർ എന്നിവർക്കെല്ലാമുള്ള ഓഹരി ഗന്ധകം കത്തുന്ന തീപ്പൊയ്കയിലത്രെ"(വെളിപ്പാട് 21:8). ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയിൽനിന്ന് തെറ്റി ഒഴിയുവാൻ ഒരു പാപിക്കും കഴിയുകയില്ല.

മുകളിൽ പറഞ്ഞവയും ലോകത്തിൽ കാണപ്പെടുന്നവയുമെല്ലാമായ പാപങ്ങളെ നിങ്ങൾക്ക് തിരിച്ചറിയുവാൻ കഴിയുന്നുണ്ടോ? നിങ്ങൾക്ക് ചുറ്റും, നിങ്ങളുടെ സ്നേഹിതന്മാരിൽ, നിങ്ങളുടെ ബന്ധുക്കളിൽ, കുടുംബാംഗങ്ങളിൽ, നിങ്ങളിൽ തന്നെയും കാണുന്നുണ്ടോ? അവയിൽ ഏതെങ്കിലും നിങ്ങളെ വ്രണപ്പെടുത്തിയിട്ടുണ്ടോ, നിങ്ങളുടെ കുടുംബാംഗങ്ങളെ ബാധിച്ചിട്ടുണ്ടോ? സൂക്ഷിച്ചില്ലെങ്കിൽ ആ പാപങ്ങൾ നിങ്ങളെ നരകത്തിലേക്ക് തള്ളിയിട്ടേക്കാം. അവ നിങ്ങളെ കഷ്ടപ്പെടുത്തിയേക്കാം. മറ്റുള്ളവരും അവ മൂലം സങ്കടപ്പെടുന്നത് നിങ്ങൾ കണ്ടിരിക്കാം. അതിന് നമുക്ക് എന്തു ചെയ്യുവാൻ കഴിയും? നമുക്ക് ഇതിൽനിന്നും എങ്ങനെ മോചനം നേടാം. ഒരാൾ തന്റെ ആയുസ് മുഴുവൻ ചെയ്തുകൂട്ടുന്ന പാപങ്ങളെ എല്ലാം എന്തു ചെയ്യും? നമുക്ക് അതിന് എന്തെങ്കിലും വില കൊടുക്കുവാൻ കഴിയുമോ? ക്രിസ്തു നിങ്ങൾക്ക് വേണ്ടിയാണ് മരിച്ചത്. പക്ഷെ പാപക്ഷമാപണത്തിന് നിങ്ങൾ പാപങ്ങളെ ഉപേക്ഷിക്കണം. അതിനു ശേഷം രക്ഷക്കായി കർത്താവ് കൽപിച്ചിട്ടുള്ള കൽപനകൾ എല്ലാം അനുസരിക്കണം. കാരണം അവൻ തന്നെ അനുസരിക്കുന്നവരുടെ രക്ഷകനാണ്. തിന്മയെ ഉപേക്ഷിച്ച് നന്മ ചെയ്യുമ്പോൾ അതിന്റെ ഫലം നിങ്ങൾക്ക് അനുഭവിക്കുവാൻ കഴിയും. പാപത്തിൽ ജീവിക്കുന്ന ആളെ ബൈബിൾ പറയുന്നത് പഴയ മനുഷ്യൻ എന്നാണ്.

അപ്പൊസ്തലനായ പൗലൊസ് ഒരു ചോദ്യം ചോദിച്ച് അതിന്റെ

ഉത്തരം നൽകി നമ്മെ ഒരു പാഠം പഠിപ്പിക്കുന്നു, "ആകയാൽ കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരു നാളും അരുത്. പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതെങ്ങനെ? അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു. എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ. അവന്റെ മരണത്തിന്റെ സാദൃശ്യത്തിൽ നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. നാം ഇനി പാപത്തിന് അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു.എന്നു നാം അറിയുന്നു"(റോമർ 6:1-6)

സ്നാനം ദൈവം കൽപിച്ചിരിക്കുന്നതിന്റെ പ്രാധാന്യം നാം മനസിലാക്കണം. പാപസംബന്ധമായ പഴയമനുഷ്യനെ ക്രൂശിക്കണം അഥവാ മരിപ്പിക്കണം എന്നാണ് പൗലൊസ് പറഞ്ഞത്. അതിനുശേഷമായിരിക്കണം വെള്ളമാകുന്ന കല്ലറയിൽ അടക്കപ്പെടേണ്ടത്. അങ്ങനെ വെള്ളത്തിൽനിന്നു കയറി വരുന്ന മനുഷ്യൻ ഒരു പുതിയ സൃഷ്ടിയാവുകയും, ദൈവരാജ്യത്തിലേക്ക് വീണ്ടും ജനനത്താൽ പ്രവേശിക്കയും ചെയ്യുന്നു(യോഹന്നാൻ 3:3-5). അങ്ങനെ ഒരാൾ ക്രിസ്തുവിലാകുമ്പോൾ അവൻ അല്ലെങ്കിൽ അവൾ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞുപോയി എന്നും പറയുന്നു(2 കൊരിന്ത്യർ 5:17).

ക്രിസ്തുയേശുവിലാകുന്നവർക്ക് ഒരു ശിക്ഷാവിധിയുമില്ല, ഒരിക്കൽ പാപമോചനം ലഭിച്ചുകഴിഞ്ഞാൽ പിന്നെ മനപ്പൂർവ്വം പാപം ചെയ്താൽ അങ്ങനെയുള്ള പാപങ്ങൾക്ക് പിന്നെ ഒരു യാഗവുമില്ല. ശിക്ഷാവിധി മാത്രമെ അവശേഷിക്കുന്നുള്ളു. അറിയാതെ ചെയ്യുന്ന പാപങ്ങൾ ഏറ്റുപറഞ്ഞാൽ ഒരുപക്ഷെ ദൈവം ക്ഷമിക്കുമായിരിക്കും. കാരണം പാപക്ഷമാപണം ദൈവത്തിന്റെ അധികാരപരിധിയിലുള്ള കാര്യമാണ്. ദൈവവചന സഹായവും പരിശുദ്ധാത്മാവിന്റെ

സഹായവും നമുക്ക് ഉണ്ടാകും എന്നതു ആശ്വാസകരമത്രെ.

✶

# പിശാച് സംസാരിക്കുമ്പോൾ ചിലർ കേൾക്കും

## റോയ് ബീസ്ലേ

പിശാച് സംസാരിക്കുന്നു എന്നു കേൾക്കുമ്പോൾ ചിലർ അതിശയിച്ചേക്കാം. മറ്റുചിലർ സംശയിച്ചേക്കാം. എന്തായാലും ഈ വിഷയം നാം കാണാതെ പോകരുത്. ആദ്യമനുഷ്യരായിരുന്ന ആദാമും ഹവ്വയും മനോഹരമായ ഏദെൻ തോട്ടത്തിലായിരുന്നു. ആ തോട്ടത്തിൽ കായ്കനികളുള്ള ധാരാളം വൃക്ഷലതാദികൾ ഉണ്ടായിരുന്നു. കാൺമാനും തിന്നുവാനും വളരെ നല്ല ഫലങ്ങൾ അവിടെ ഉണ്ടായിരുന്നു. എല്ലാം അവിടെ പൂർണ്ണമായിരുന്നു. ഒന്നിനും ഒരു കുറവും അവിടെ ഇല്ലായിരുന്നു. അവർ ജീവിച്ചിരിക്കേണ്ടതിന് ദൈവം ഒരു നിയമവും നൽകിയിരുന്നു. തോട്ടം സൂക്ഷിക്കേണ്ട ഉത്തരവാദിത്തം അവർക്കുണ്ടായിരുന്നു. എന്നാൽ നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്, തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും എന്ന് ദൈവം അരുളിച്ചെയ്തിരുന്നു. കൂടാതെ അവർ ദൈവത്തോടുകൂടിയുള്ള കൂട്ടായ്മയും അനുഭവിച്ചിരുന്നു. ദൈവത്തിന്റെ ശബ്ദം അവർക്ക് കേൾക്കുകയും ചെയ്യാമായിരുന്നു.

ഒരു ദിവസം സാത്താൻ സർപ്പത്തിന്റെ രൂപത്തിൽ ഹവ്വയുടെ അടുക്കൽ എത്തി. യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളേക്കാളും പാമ്പ് കൗശലമേറിയതായിരുന്നു. അത് സ്ത്രീയോട്, “തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുത് എന്ന് ദൈവം കൽപിച്ചിട്ടുണ്ടോ?” എന്നു ചോദിച്ചു. സ്ത്രീ പാമ്പിനോട്, “തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്ക് തിന്നാം. എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിന്ന് തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്. തൊടുകയും അരുത് എന്നു ദൈവം കൽപിച്ചിട്ടുണ്ട്” എന്നു പറഞ്ഞു.

പാമ്പ് സ്ത്രീയോട്, മരിക്കയില്ല നിശ്ചയം. അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെ പോലെ ആകയും ചെയ്യും എന്ന് ദൈവം അറിയുന്നു എന്നു പറഞ്ഞു. ആ ചോദ്യം ചോദിച്ചത് ഹവ്വയുടെ ഉള്ളിൽ സംശയം ജനിപ്പിക്കുവാനാണ്. അതാണോ വാസ്തവത്തിൽ ദൈവം പറഞ്ഞത്? ദൈവം പറഞ്ഞത് നിങ്ങൾ ശരിയായി മനസിലാക്കിയോ? ഇത്തരത്തിലുള്ള സംശയം വരുത്തി ചതിയിൽ വീഴ്ത്തുവാനാണ് സാത്താൻ ശ്രമിക്കുന്നത്.

ദൈവം പറഞ്ഞത് ഹവ്വ മനസിലാക്കിയിരുന്നു. അവൾ അത് വ്യക്തമായി തന്നെ പാമ്പിനോട് പറഞ്ഞു. പക്ഷെ പാമ്പ് അവളെ വിട്ടുപോയില്ല. ദൈവകൽപനയെ അപഗ്രഥിച്ച് തെറ്റായ വ്യാഖ്യാനം കൊടുക്കുകയായിരുന്നു സാത്താൻ. ആ വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയുമരുത്. തിന്നുന്ന നാളിൽ മരിക്കും എന്ന് ദൈവം അരുളിച്ചെയ്തു പക്ഷെ സാത്താൻ പറഞ്ഞത്, നിങ്ങൾ മരിക്കയില്ല എന്നാണ്. തീർച്ചയായും മരിക്കയില്ല എന്ന ഉറപ്പാണ് പാമ്പ് കൊടുത്തത്. ഭോഷ്ക്ക് വിശ്വസിപ്പിക്കുവാൻ ആളുകൾ ആണയിടുന്നതു പോലെയാണ് പിശാച് ചെയ്തത്. ആദ്യമായാണ് പിശാച് സംസാരിച്ചത്. സ്ത്രീ പിശാച് പറഞ്ഞ ഓരോ വാക്കും ശ്രദ്ധിച്ചു. അതു തിന്നാൽ ദൈവത്തെ പോലെ ആകും എന്ന മോഹം അവളിൽ ജനിപ്പിച്ചു. അങ്ങനെ അവൾ ആ വൃക്ഷഫലത്തിലേക്ക് നോക്കി. അത് കാൺമാൻ ഭംഗിയുള്ളതും തിന്മാൻ നല്ലതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്ന് സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു, ഭർത്താവിന്നും കൊടുത്തു അവനും തിന്നു.

സാത്താൻ നേരിട്ടല്ല ഹവ്വയോട് സംസാരിച്ചത് പാമ്പിന്റെ രൂപത്തിൽ വന്നാണ്. ഇന്നും സാത്താൻ സംസാരിക്കുന്നതു പല ഏജന്റുമാരിൽകൂടെയാണ്. അവൻ പല രീതിയിൽ ആളുകൾക്കിടയിൽ ആശയവിനിമയം നടത്തി തെറ്റിദ്ധരിപ്പിക്കയാണ്. ബലഹീനരായ ആളുകളുടെ ഹൃദയങ്ങളിൽ സംശയം ജനിപ്പിച്ച് തെറ്റിദ്ധാരണ പരത്തുന്നതിലാണ് സാത്താൻ വിജയിക്കുന്നത്. ആദ്യം മുതൽ സാത്താന്റെ സംസാരം ഭോഷ്ക്കാണെന്ന് നാം തിരിച്ചറിയണം. ദൈവം സത്യവാനാണ്. ആ ദൈവത്തെ സംശയിക്കുവാൻ പാടില്ല. ദൈവത്തിലുള്ള വിശ്വാസം ഒരാൾക്ക് നഷ്ടപ്പെട്ടാൽ അയാളുടെ ജീവിതം

പരാജയപ്പെടും. വ്യാജം അഥവാ ഭോഷ്ക്ക് വിശ്വസിച്ചാൽ നാം അതനുസരിച്ച് പ്രവർത്തിക്കും. അപ്പോൾ അതിന്റെ അനന്തരഫലം നമ്മിൽ വരാതിരിക്കയില്ല. ആരെന്തു പറഞ്ഞാലും ദൈവത്തിനെതിരായി നാം ചിന്തിക്കരുത്. കാരണം നമ്മെ രക്ഷിക്കുവാനും ശിക്ഷിക്കുവാനും ദൈവത്തിനു കഴിയും.

അന്ന് ആദാമും ഹവ്വയും ദൈവം വിലക്കിയതായ ഫലം പറിച്ചു തിന്നതിന്റെ അനന്തരഫലം നോക്കുക. ദൈവം അവരെ തോട്ടത്തിൽനിന്നു പുറത്താക്കി. കാരണം തോട്ടത്തിൽ ജീവവൃക്ഷത്തിന്റെ ഫലവുമുണ്ടായിരുന്നു. അതിൽനിന്നു ഫലം പറിച്ചുതിന്നു അവർക്ക് എന്നേക്കും ജീവിക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ദൈവം നീതിമാനാണ്. തെറ്റു ചെയ്യുന്നവൻ ശിക്ഷിക്കപ്പെടണം. പാപം മനുഷ്യനെ ദൈവത്തിൽനിന്നകറ്റും. മനുഷ്യനെ മനുഷ്യനിൽനിന്നും അകറ്റും. തോട്ടം സൂക്ഷിക്കുവാനായി മനുഷ്യരെ ദൈവം ഏൽപിച്ചുവെങ്കിലും അവർക്ക് ആ ജോലി തുടരുവാൻ കഴിഞ്ഞില്ല. പിന്നെ തോട്ടം കാക്കുവാൻ ദൈവം കെരൂബുകളെ ആക്കി. എത്ര വലിയ ജീവിതത്തെയാണ് നിയമലംഘനത്താൽ അവർ നഷ്ടമാക്കിയത്. പാപം ചെയ്യുന്ന ഏതൊരു വ്യക്തിയെയും ദൈവം ശിക്ഷിക്കാതെ വിടുകയില്ല.

തോട്ടത്തിൽനിന്നു പുറത്താക്കപ്പെട്ട മനുഷ്യന് അനുഭവിക്കേണ്ടി വന്ന കഷ്ടത നോക്കുക. പുരുഷൻ കഠിനാദ്ധ്വാനത്തോടെ ഉപജീവന മാർഗം കണ്ടെത്തേണ്ടി വരുന്നു. സ്ത്രീ വേദനയോടെ മക്കളെ പ്രസവിക്കേണ്ടിവരുന്നു. ആത്മിയമായി ഉടനെ മരിച്ച മനുഷ്യൻ പിന്നീട് ഭൗതികമായും മരിക്കുവാൻ തുടങ്ങി. പിശാചിന്റെ വാക്ക് കേട്ടതുകൊണ്ടാണ് മരണം ലോകത്തിലേക്ക് വന്നത്. മരണത്തെ ഇല്ലാതാക്കുവാൻ ഒരു മനുഷ്യനും സാധ്യമല്ല. നിരപരാധികളായ ആളുകളെ പോലും തീവ്രവാദികൾ കൊല്ലുന്നു, അപകടമരണങ്ങളുണ്ടാകുന്നു. രോഗത്താലുള്ള മരണവും സാധാരണയായിരിക്കുന്നു. കുടുംബങ്ങൾ തന്നെ നശിച്ചുപോകുന്നു. പുതിയനിയമത്തിൽ അനന്യാസും സഫീറയും പരിശുദ്ധാത്മാവിനോട് വ്യാജം പ്രവർത്തിച്ച് ഉടനെ മരിച്ചുപോയി(പ്രവൃത്തികൾ 5:1-5). സാത്താൻ ഏതുവിധത്തിലും മനുഷ്യരെ വീഴ്ത്തും. അതുകൊണ്ടാണ് കർത്താവ് ശിമോനോട് സാത്താൻ നിങ്ങളെ കോതമ്പു പാറ്റുന്നതുപോലെ

പാറ്റേണ്ടതിന്ന് എന്നോട് കൽപന ചോദിച്ചു(ലൂക്കൊസ് 22:31).

✶

# ഭയവും വിശ്വാസവും

## രൂബേൻ എം പറാഡോ

"നാം പോയി ദേശം കൈവശമാക്കുക. നമുക്ക് തീർച്ചയായും സാധിക്കും."

യിസ്രായേൽ ജനം മരുഭൂമിയിൽ പാളയമടിച്ചു കിടക്കുമ്പോൾ ദൈവം മോശെയോട് പറഞ്ഞു, "യിസ്രായേൽമക്കൾക്ക് ഞാൻ കൊടുപ്പാനിരിക്കുന്ന കനാൻ ദേശം ഒറ്റുനോക്കേണ്ടതിന്നു ആളുകളെ അയക്ക. അതാതു ഗോത്രത്തിൽനിന്നു ഓരോ ആളെ അയക്കേണം."(സംഖ്യാപുസ്തകം 13:2).

യോശുവയും കാലേബുമടക്കം പന്ത്രണ്ടു പുരുഷന്മാരെ തിരഞ്ഞെടുത്ത് അവർ കൈവശപ്പെടുത്തേണ്ട ദേശം ഒറ്റു നോക്കുവാനായി പോയി. അവിടെയുള്ള ആളുകളുടെ പ്രകൃതവും പട്ടണങ്ങളുടെ സ്ഥിതിയും അറിയേണ്ടതിനാണ് മോശെ അവരെ അയച്ചത്. അവരുടെ കോട്ടകളും പ്രതിരോധശക്തിയും, ഭൂപ്രകൃതിയുമെല്ലാം അവർ നിരീക്ഷിക്കേണ്ടിയിരുന്നു.

ആ ഒറ്റുകാർ നാൽപതു ദിവസം എടുത്ത് ദേശമെല്ലാം ചുറ്റി നോക്കി. അവസാനം അവർ അവിടെനിന്നു ചില നല്ല ഫലങ്ങൾ കൊണ്ടുവന്നു, വൈപരീത്യമുള്ള കാര്യങ്ങളായിരുന്നു അവർ ഓരോരുത്തരും നിരത്തിയ വിവരണങ്ങൾ. ദേശം പാലും തേനും ഒഴുകുന്നതു തന്നെ. അവിടെയുള്ള ആളുകൾ കായികശേഷിയിൽ ബലവാന്മാർ എന്നാണ് പത്തുപേർ കണ്ടെത്തിയത്. അവരുടെ പ്രതിരോധ കോട്ടകൾ ആകാശം മുട്ടുവോളം വലുതാണ് എന്നും അവർ പറഞ്ഞു(സംഖ്യാപുസ്തകം 13:27, 28).

തങ്ങൾ ഒറ്റുനോക്കിയ ദേശത്തെ കുറിച്ച് അവർ യിസ്രായേൽ മക്കളോട് ദുർവ്വർത്തമാനമായി പറഞ്ഞത്, ഞങ്ങൾ സഞ്ചരിച്ചു ഒറ്റു നോക്കിയ ദേശം നിവാസികളെ തിന്നുകളയുന്ന ദേശം ആകുന്നു. ഞങ്ങൾ അവിടെ കണ്ട ജനം ഒക്കെയും അതികായന്മാർ. അവിടെ

ഞങ്ങൾ മല്ലന്മാരുടെ സന്തതികളായ അനേക മല്ലന്മാരെയും കണ്ടു. ഞങ്ങൾക്ക് തന്നെ ഞങ്ങൾ വെട്ടുക്കിളികളെ പോലെ തോന്നി. അവരുടെ കാഴ്ച്ചക്കും ഞങ്ങൾ അങ്ങനെതന്നെ ആയിരുന്നു(സംഖ്യാപുസ്തകം 13:32, 33). തങ്ങളെത്തന്നെ അവരുമായി താരതമ്യം ചെയ്തു വെട്ടുക്കിളികളായി അവർക്ക് തോന്നുവാൻ കാരണം ഭയമായിരുന്നു. യിസ്രായേലിന്റെ ധാർമ്മികതയും ദൈവത്തിന്റെ സാന്നിധ്യവും അവർ മറന്നപ്പോഴായിരുന്നു അവരിൽ ഭയം നേരിട്ടത്. അവർ അശക്തരാണെന്നും കനാൻ ദേശത്തുള്ളവരെ കീഴ്പ്പെടുത്തുവാൻ സാധ്യമല്ലെന്നും അവർ വിലയിരുത്തി.

ഭൂരിഭാഗം പേരുടെ നിഗമനം നിഷേധസൂചകമായിരുന്നുവെങ്കിൽ, യോശുവയുടേയും കാലേബിന്റേയും വിലയിരുത്തൽ മറ്റൊന്നായിരുന്നു. "എന്നാൽ കാലേബ് മോശെയുടെ മുമ്പാകെ ജനത്തെ അമർത്തി നാം ചെന്നു അതു കൈവശമാക്കുക; അതു ജയിപ്പാൻ നമുക്ക് കഴിയും എന്നു പറഞ്ഞു"(സംഖ്യാപുസ്തകം 13:30). ദേശം ഒറ്റുനോക്കുവാൻ പോയവരിൽ നൂന്റെ മകൻ യോശുവയും യെഫുന്നയുടെ മകൻ കാലേബും വസ്ത്രം കീറി, യിസ്രായേൽ മക്കളുടെ സർവ്വസഭയോടും പറഞ്ഞത് എന്തെന്നാൽ ഞങ്ങൾ സഞ്ചരിച്ചു ഒറ്റുനോക്കിയ ദേശം എത്രയും നല്ല ദേശമാകുന്നു. യഹോവ നമ്മിൽ പ്രസാദിക്കുന്നു എങ്കിൽ അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്തേക്ക് കൊണ്ടു ചെന്നു അതു നമുക്ക് തരും. യഹോവയോട് നിങ്ങൾ മൽസരിക്കുക മാത്രം അരുത്, ആ ദേശത്തെ ജനത്തെ നിങ്ങൾ ഭയപ്പെടരുത്. അവർ നമുക്ക് ഇരയാകുന്നു, അവരുടെ ശരണം പൊയ്പോയിരിക്കുന്നു. നമ്മോടുകൂടെ യഹോവ ഉള്ളതുകൊണ്ട് അവരെ ഭയപ്പെടരുത്(സംഖ്യാപുസ്തകം 14:6-9).

അനന്തരം യെഹൂദാമക്കൾ ഗിൽഗാലിൽ യോശുവയുടെ അടുക്കൽ വന്നു; കെനിസ്യനായ യെഫുന്നയുടെ മകൻ കാലേബ് അവനോട് പറഞ്ഞത്: യഹോവ എന്നേയും നിന്നെയും കുറിച്ച് ദൈവപുരുഷനായ മോശെയോട് കാദേശ് ബർന്നേയിൽ വെച്ചു പറഞ്ഞ കാര്യം നീ അറിയുന്നുവല്ലൊ. യഹോയവയുടെ ദാസനായ മോശെ കാദേശ് ബർന്നേയയിൽനിന്നു ദേശത്തെ ഒറ്റു നോക്കുവാൻ എന്നെ അയച്ചപ്പോൾ എനിക്ക് നാൽപതു വയസായിരുന്നു. ഞാൻ വന്നു എന്റെ മനോബോധപ്രകാരം അവനോട് മറുപടി പറഞ്ഞു. എന്നോ

ടുകൂടെ പോന്നിരുന്ന സഹോദരന്മാർ ജനത്തിന്റെ ഹൃദയം ഉരുകുമാറാക്കി; ഞാനോ എന്റെ ദൈവമായ യഹോവയോട് പൂർണ്ണമായി പറ്റിനിന്നു. നീ എന്റെ ദൈവമായ യഹോവയോട് പൂർണ്ണമായി പറ്റിനിന്നതുകൊണ്ട്, നീ കാൽ വെച്ച ദേശം നിനക്കും നിന്റെ മക്കൾക്കും എന്നേക്കും അവകാശമായിരിക്കും(യോശുവ 14:6-9).

വിശ്വാസവും ഭയവും തമ്മിലുള്ള പോരാട്ടമായിരുന്നു അവരിലുണ്ടായിരുന്നത്. വിശ്വാസക്കുറവാണ് ഭയത്തിന്റെ കാരണം. ഭയമുള്ളേടത്ത് പൂർണ്ണമായ വിശ്വാസം കാണുകയില്ല. സംശയമാണ് ആളുകളെ ഭയപ്പെടുത്തുന്നത്. ദൈവിക കാഴ്ച്ചപ്പാടും ലൗകികകാഴ്ച്ചപ്പാടും തമ്മിലുള്ള വ്യത്യാസം ഇങ്ങനെയുള്ള ഘട്ടങ്ങളിൽ നമുക്ക് കാണുവാൻ കഴിയും. പോരാടി ദേശത്തെ കൈവശമാക്കുവാനായിരുന്നു ദൈവം യോശുവയെയും കാലേബിനേയും വിളിച്ചത്. അവർ അതു മനസിലാക്കി. അവർ പോരാടേണ്ടിയിരുന്നത് അവരുടെ ശക്തികൊണ്ടായിരുന്നില്ല, മറിച്ച് ദൈവശക്തിയാലായിരുന്നു. അവരുടെ ശത്രുക്കളേക്കാൾ ശക്തി തങ്ങളുടെ ദൈവത്തിനുണ്ടെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു. തടസങ്ങളെ നീക്കുവാൻ തക്ക ശക്തി സർവ്വശക്തനുണ്ടെന്ന വിശ്വാസം അവർക്കുണ്ടായിരുന്നു.

വിശ്വാസവും ഭയവും സംബന്ധിച്ച് ആ സംഭവത്തിൽ നാം കാണുന്ന യാഥാർത്ഥ്യം എന്തെന്നാൽ തികഞ്ഞ വിശ്വാസം ഭയത്തെ നീക്കുന്നു എന്നതാണ്. അവരിൽ ഒരുകൂട്ടരിൽ ധൈര്യവും ഭൂരിഭാഗം പേരിലും ഭീരുത്വവുമായിരുന്നു ഉണ്ടായിരുന്നതു. ആ രണ്ട് സംഘത്തെയും നമുക്ക് തരം തിരിച്ച് പരിശോധിക്കാവുന്നതാണ്. അപ്പോൾ നമുക്ക് ക്രിയാത്മക സമീപനത്തിന്റെ ഗുണവും നിഷേധസ്വഭാവത്തിന്റെ ദോഷവും മനസിലാകും.

## യോശുവയും കാലേബും

യോശുവയും കാലേബും അനുസരണമുള്ളവരായിരുന്നു. പൂർണ്ണഹൃദയത്തോടെ അവർ ദൈവത്തെ പിൻപറ്റി. ദേശം ദൈവം തങ്ങളുടെ കയ്യിൽ ഏൽപിക്കുമെന്ന് അവർ അവനിൽ ഉറച്ചു വിശ്വസിച്ചു. അവർ ധൈര്യവും തീർച്ചയുമുള്ള ആളുകളായിരുന്നു. അവർ ദേശത്തെയും അവിടത്തെ നന്മയെയും കണ്ടു. ഭൂരിഭാഗം പേരുടേയും നിഷേധതീരുമാനത്തിന് അവരെ സ്വാധീനിക്കുവാൻ കഴി

ഞ്ഞില്ല. ഭയമോ ആളുകളുടെ ആനുകൂല്യമോ അവർ നോക്കിയില്ല. ആത്മിയമായും ഭൗതികമായും ശരിയായ ശക്തിയുള്ളവരായിരുന്നു അവർ. 85 വയസ് പ്രായമാകുമ്പോൾ സാധരണക്കാർ വിരമിക്കും. എന്നാൽ ഇവരോ അവിടെയുള്ള മല്ലന്മാരെ കീഴ്പ്പെടുത്തി ദേശം പിടിച്ചടക്കുവാൻ പോകുന്നു. അവർക്ക് ദൈവത്തിലുണ്ടായിരുന്ന വിശ്വാസം നിമിത്തമായിരുന്നു അവിടെയുള്ള മല്ലന്മാർ അവർക്ക് വെട്ടുക്കിളികളെ പോലെ തോന്നിയത്. അവരുടെ വീക്ഷണത്തിൽ യഥാർത്ഥ ബലവാൻ ദൈവമായിരുന്നു, മറ്റു ശക്തികളെല്ലാം വെട്ടുക്കിളികൾ മാത്രം. യോശുവയും കാലേബും അവരുടെ കാഴ്ച്ചപ്പാടിൽ ഏറ്റവും പ്രത്യേകതയുള്ളവരായിരുന്നു, കാരണം അവരുടെ ഉള്ളിൽ ദൈവം ഉണ്ടായിരുന്നു. അവർ വിശ്വസിച്ചത് ദൈവത്തിന്റെ വാഗ്ദാനത്തിലായിരുന്നു. നിങ്ങൾ അത് അവകാശമാക്കുമെന്ന് പറഞ്ഞതു ദൈവമായിരുന്നു.

## പത്ത് ഒറ്റുകാർ

അവർക്ക് ദേശത്തെ നന്മ ബോധ്യമായി, പക്ഷെ അവർ ദൈവത്തിന്റെ ശക്തിയിൽ വിശ്വസിച്ചില്ല. അവർ ബുദ്ധിമുട്ടുകളെ കണ്ടു, ശത്രുക്കളുടെ കായികശക്തിയെയും, പട്ടണങ്ങളുടെ വലിയ കോട്ടകളെയും കണ്ട് ഭയം നിമിത്തം അവരുടെ ഉള്ള് ഉരുകിപ്പോയി. അവരെ ശത്രുക്കളുമായി താരതമ്യം ചെയ്ത് തങ്ങൾ വെട്ടുക്കിളികളാണെന്ന വിലയിരുത്തലായിരുന്നു അവരുടേത്. അത് അവരെ തളർത്തിക്കളയുകയും ദൈവവാഗ്ദാനം അവർക്ക് ലഭിക്കാതിരിക്കുകയും ചെയ്തു. അവരുടെ മൊത്തത്തിലുള്ള കാഴ്ച്ചപ്പാടിൽനിന്നു അവർ ദൈവത്തെ പൂർണ്ണമായി മാറ്റി നിർത്തി. അവരുടെ മുൻപിൽ വെക്കേണ്ടത് സർവ്വശക്തനായ ദൈവത്തെയായിരുന്നു. പക്ഷെ വെച്ചത് എല്ലാം തടസങ്ങളായിരുന്നു. അവർ ഊഹങ്ങളിലേക്കും ഭയത്തിലേക്കും 'തിരിഞ്ഞു. പിന്നെ അവർ തങ്ങളുടെ സ്വന്തശക്തിയാൽ ശത്രുക്കളെ നേരിട്ടു പരാജയമടഞ്ഞു.

ഒരു കൂട്ടരിൽ വിശ്വാസമായിരുന്നു മറ്റൊരുകൂട്ടരിൽ ഭയമായിരുന്നു ഉണ്ടായിരുന്നത്. വിശ്വാസം ശത്രുക്കളെ പരാജയപ്പെടുത്തി, എന്നാൽ ഭയമോ അവരെത്തന്നെ പരാജയപ്പെടുത്തി. നിറയെ അവസരങ്ങൾ ആളുകൾ ഭയത്താൽ നഷ്ടപ്പെടുത്തുന്നു. ഭയം നിരുൽസാഹപ്പെടുത്തുമ്പോൾ, വിശ്വാസം ശക്തീകരിക്കുന്നു.

## വിശ്വാസവും ഭയവും

വിശ്വാസം ധൈര്യപ്പെടുത്തുകയും ബുദ്ധിമുട്ടുകളെ തരണം ചെയ്ത് വിജയിക്കുകയും ചെയ്യുന്നു, എന്നാൽ ഭയം നമ്മെ പിന്തിരിപ്പിക്കുകയും മുന്നോട്ടുള്ള ഗമനത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു. അക്ഷീണമായി പ്രവർത്തിക്കുവാൻ ഉത്തേജിപ്പിക്കുന്നതാണ് വിശ്വാസം, മറ്റുള്ളവർ അസാദ്ധ്യമെന്ന് കരുതുന്നതുപോലും അവർക്കു മുന്നിൽ സുഗമമെന്ന് കാണുന്നു. ഭയം മനുഷ്യന്റെ കായിക ബലത്തെ നോക്കുമ്പോൾ, വിശ്വാസം നമ്മുടെ അശക്തിക്ക് ഉന്മേഷം പകരും. വിശ്വാസം പ്രായത്തിനതീതമായി പ്രവർത്തിക്കുവാൻ സഹായിക്കുമ്പോൾ ഭയം ഭൗതീകമായ കാര്യങ്ങളെ വിലയിരുത്തുന്നതിൽ പരാജയപ്പെടുത്തുന്നു. ഭയം നിമിത്തം ദൈവ വാഗ്ദാനങ്ങളെ നോക്കിക്കാണാതിരിക്കുന്നു. അവരുടെ വിശ്വാസമില്ലായ്മ ദൈവാനുഗ്രഹങ്ങൾ ലഭ്യമാക്കാതിരിക്കുന്നു. വിശ്വാസംമൂലം തലമുറകളോളം ദൈവ വാഗ്ദാനങ്ങളും അനുഗ്രഹങ്ങളും നമുക്ക് ലഭിക്കുന്നു.

## ഉപസംഹാരം

നാല്പത് വർഷങ്ങൾക്ക് ശേഷമാണ്, ആറുലക്ഷം ആളുകളിൽ, കാലേബിനും യോശുവക്കും വാഗ്ദാന ദേശത്ത് പ്രവേശിക്കുവാൻ കഴിഞ്ഞത്. ബാക്കിയുള്ളവരെല്ലാം വാഗ്ദാന ദേശം കാണാതെ മരിച്ചു പോയി. എന്താണ് ഈ രണ്ടുപേർക്ക് ദൈവ വാഗ്ദാനം ലഭിക്കുവാൻ കാരണം? ദൈവത്തിലുള്ള ഉറച്ച വിശ്വാസവും ധൈര്യവും ആണ് അവരെ ലക്ഷ്യ പ്രാപ്തിയിൽ എത്തിച്ചത്. അവരുടെ കഴിവില്ലായ്മയും പരാജയവും അവർക്കു പ്രശ്നമായിരുന്നില്ല. ഭൂരിഭാഗം ദൈവജനത്തിന്റേയും വിശ്വാസം നഷ്ടമായപ്പോൾ നിരപരാധികളും വിശ്വസ്തരുമായ ഇവർക്ക് താല്ക്കാലികമായ കഷ്ടം സഹിക്കേണ്ടിവന്നിട്ടും. അവർക്ക് അനുഗ്രഹം ലഭിച്ചു.

ഇന്ന് നമുക്കും ദൈവം വാഗ്ദാനം ചെയ്ത ദേശം അവകാശമാക്കേണ്ടതുണ്ട്. നാം ശത്രുക്കളോട് പോരാടി ജയിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ ആയുധങ്ങൾ ജഡീകങ്ങളായ ഒന്നുമല്ല, പിന്നെയോ ദൈവത്തിന്റെ സർവ്വായുധ വർഗ്ഗത്താലാണ് (എഫേസ്യർ 6:13-18). നമ്മുടെ ഭയവും സംശയവും ദൂരീകരിച്ച് വിജയം ലക്ഷ്യമാക്കി ദൈവ വചനത്തിൽ ആശ്രയിച്ച് നമുക്ക് മുന്നേറുവാൻ കഴിയും.

✶

# രക്ഷാമാർഗ്ഗം

## എം. കെ. കുര്യൻ

പ്രിയരെ, "പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു" എന്ന് ദൈവവചനം പഠിപ്പിക്കുന്നു (എബ്രാ. 5:3,8).

അതായത് ആരും നശിച്ചു പോകാതെ സകല മനുഷ്യരും രക്ഷ പ്രാപിപ്പാൻ സ്നേഹവാനായ ദൈവം തന്റെ ഏക പുത്രനായ ക്രിസ്തു മുഖാന്തിരം മനുഷ്യരാശിക്കായി ഒരു രക്ഷാമാർഗ്ഗം തുറന്നു. അങ്ങനെ ക്രിസ്തുവിനെ അനുസരിക്കുന്ന സകല മനുഷ്യർക്കും ക്രിസ്തു നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു എന്നാണ് മേലുദ്ധരിച്ചിരിക്കുന്നതിന്റെ സാരം. ഇതിൽ നിന്നും അനുസരണ ത്തിന്റെ ഏറ്റവും ഉത്തമമായ ഒരു മാതൃകയാണ് ക്രിസ്തു എന്നു വ്യക്തമായി തെളിയുന്നു (റോമ. 5:19). കാരണം "അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള മഹത്വം പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു" എന്നാണ് തിരുവചനം ക്രിസ്തുവിനെക്കുറിച്ചു പഠിപ്പിക്കുന്നതു (ഫിലി. 2:5-8). ഈക്കാരണത്താലാണ് ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ എന്ന വാക്യം പഠിപ്പിക്കുന്നതു.

ലളിതമായി പറഞ്ഞാൽ കന്യക മറിയാമിൽ കൂടി ദൈവപുത്രൻ ഒരു ശിശുവായി ജനിച്ചു മനുഷ്യനായി നീതി പ്രവൃത്തിച്ച് ജീവിക്കയും നമ്മുടെ പാപങ്ങളുടെ മോചനത്തിന്നായി ക്രൂശിൽ കഷ്ടം അനുഭവിച്ചു മരിക്കയും ചെയ്തു. തുടർന്നു മൂന്നാം നാൾ അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേൽക്കയും അവന്റെ നാമത്തിലുള്ള രക്ഷാമാർഗ്ഗം സകല സൃഷ്ടിയോടും പ്രസംഗിക്കുവാൻ അവൻ തന്റെ അപ്പോസ്തലന്മാരോടു കല്പിക്കയും ചെയ്തു. ആ കല്പനപ്രകാരം അപ്പോസ്തലന്മാർ പ്രസംഗിച്ചതും പഠിപ്പിച്ചതു

മായ ഉപദേശങ്ങളാണു സാക്ഷാൽ രക്ഷാ മാർഗ്ഗം (2. തെസ്സ. 2:3-15; റോമർ 1:16). ദൈവം ക്രിസ്തുവിനെ ഈ ലോകത്തിലേക്കു അയച്ച പ്പോൾ ദൈവം അവനു നല്കിയിരുന്ന സകല കല്പനകളും അവൻ ഹൃദയപൂർവ്വം അനുസരിച്ചു എന്നാണ് ഇതിന്റെ സാരം. യെശയ്യാവ് 53-ാം അദ്ധ്യായം വായിച്ചാലും, അതുകൊണ്ട് ദൈവം അവനെ കർത്താവും രക്ഷിതാവും (ക്രിസ്തുവും) ആക്കിവെച്ചു (പ്രവൃത്തി 21: 36). ഇതിന്റെയർത്ഥം സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാ രവും നടത്തുന്നവൻ ക്രിസ്തുവാകുന്നു എന്നാണു(മത്താ. 28:18).

നോഹ, അബ്രഹാം, ഇസഹാക്ക്, യാക്കോബ്, മോശെ, ഏലി യാവ് മുതലായ ആർക്കും ഇപ്രകാരം സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല അധികാരവും ലഭിച്ചിട്ടില്ല. മാത്രമല്ല പത്രൊസിന്നോ യോഹ ന്നാനോ ശേഷമുള്ള അപ്പോസ്ഥലന്മാർക്കോ ഇപ്രകാരം ഒരധികാരം ലഭിച്ചിട്ടില്ല. ഇങ്ങനെയിരിക്കെ ക്രിസ്തുമത നേതാക്കന്മാർ എന്നവ കാശപ്പെടുന്ന മനുഷ്യരുടെ അധികാരം എത്രത്തോളമുള്ളതായി രിക്കും? (മത്തായി 28:18) ആയതിനാൽ രക്ഷാമാർഗ്ഗം നമുക്കു എങ്ങനെ കണ്ടെത്താം? കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും എന്ന് ദൈവം പ്രവാചകന്മാർ മുഖാന്തിരം അരുളിചെയ്തിരിക്കുന്നു. എന്നാൽ ഒരുവൻ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും. കേട്ടിട്ടില്ലാത്തവനെ എങ്ങനെ വിശ്വ സിക്കും. പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും? ഈ ചോദ്യങ്ങൾക്കുത്തരം നാം കണ്ടെത്തുന്നത് സാക്ഷാൽ രക്ഷാമാർഗ്ഗമാണ് (റോമർ 10:13,15). രക്ഷാമാർഗ്ഗം പ്രസംഗിക്കുവാൻ ആര് ആരെ അയച്ചു? യേശു ക്രിസ്തു അതിനായി പ്രത്യേകം തിരഞ്ഞെടുത്ത അവന്റെ അപ്പോ സ്തലന്മാരെ അയച്ചു(മത്തായി 28:18-20; മർക്കൊസ് 16:15,16).

അപ്പോസ്തലന്മാർ ആദ്യമായി ഈ രക്ഷാമാർഗ്ഗം പ്രസംഗിക്കു ന്നതിനുമുമ്പായി 'കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും' എന്നുള്ള പ്രവചനത്തെ ഉദ്ധരിച്ചു കൊണ്ടാണ് അവരുടെ പ്രസംഗം ആരംഭിച്ചത് (പ്രവൃത്തി. 2:21; റോമർ 10:13). അവരുടെ പ്രസംഗം ക്രിസ്തുവിന്റെ വചനമായിരുന്നു ഇക്കാ രണത്താലാണ് 'ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു എന്നു വെളിപ്പെടുത്തിയിരി

ക്കുന്നു. തന്നെയുമല്ല അതു ഞങ്ങൾ പ്രസംഗിക്കുന്ന വിശ്വാസവചനം തന്നെ എന്നും അവർ പഠിപ്പിച്ചു (റോമർ 10:8). ഇപ്രകാരം നാം കേട്ടിട്ടില്ലാത്തവനിൽ വിശ്വസിപ്പാനും കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച് മാനസാന്തരപ്പെടുവാനും (പ്രവൃത്തി 16:31, 17:30), യേശുവിനെ കർത്താവു എന്നു ഏറ്റുപറയുവാനും (റോമർ 10:9,10), പാപങ്ങളുടെ മോചനത്തിനായും പരിശുദ്ധാത്മ ദാനം ലഭിക്കുവാനുമായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുവാനുമായി യേശുക്രിസ്തുവിനും ക്രിസ്തുവിന്റെ സഭയോടു ചേർക്കപ്പെടുവാനും ഇടവരുന്നു. തുടർന്നു രക്ഷിക്കപ്പെട്ടവരോടു ഇപ്രകാരം ആജ്ഞാപിക്കുന്നു. ആകയാൽ സഹോദരന്മാരേ, നിങ്ങൾ ഉറച്ചു നിന്നു ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചു തന്ന പ്രമാണങ്ങളെ മുറുകെ പിടിച്ച്കൊൾവിൻ (2തെസ്സ. 2:13,15). ഇതിന്റെയർത്ഥം മരണപര്യന്തം നാം പ്രമാണിക്കേണ്ടത് അപ്പോസ്തലന്മാരുടെ ഉപദേശം മാത്രമാണെന്നാണ്. ഇതാണ് സത്യവേദപുസ്തകം പഠിപ്പിക്കുന്ന ഏക രക്ഷാമാർഗ്ഗം(എബ്രാ. 2:1-4).

കാരണം ഈ രക്ഷയെക്കുറിച്ച് പഴയ നിയമപ്രവാചകന്മാർ പ്രവചിച്ചിരുന്നു. മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവർ ഈ രക്ഷാമാർഗം പ്രസംഗിക്കപ്പെടുവാൻ കാരണമായി ഭവിച്ച സംഭവങ്ങളെക്കുറിച്ച് പുതിയ നിയമപുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തു (1 പത്രൊ. 1:10-12). എങ്കിലും ഇന്നു ക്രിസ്ത്യാനികൾ എന്നു അവകാശപ്പെടുന്ന സകല നാമധേയ വിഭാഗങ്ങൾക്കും ഈ രക്ഷാമാർഗ്ഗം മറെഞ്ഞിരിക്കുന്നു (2കൊരിന്ത്യർ 4:3,4). യേശുക്രിസ്തുവിന്റെ ഐഹീക ജീവിത കാലത്തും സംഭവിച്ചത് ഇപ്രകാരം തന്നെയായിരുന്നു "അവൻ ലോകത്തിൽ ഉണ്ടായിരുന്നു. ലോകം അവൻ മുഖാന്തരം ഉളവായി: ലോകമോ അവനെ അറിഞ്ഞില്ല. അവൻ സ്വന്തത്തിലേക്കു വന്നു: സ്വന്തമായവരോ അവനെ അറിഞ്ഞില്ല. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു എന്നും പഠിപ്പിക്കുന്നു (യോഹ. 1:10,12). പ്രിയരേ, അപ്പോസ്തലന്മാർ പ്രസംഗിച്ച ഈ രക്ഷാമാർഗ്ഗം (സുവിശേഷം) കേട്ടു വിശ്വസിക്കയും മാനസാന്തരപ്പെടുകയും യേശുവിനെ ഏറ്റുപറഞ്ഞ് പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം

ഏല്ക്കയും ചെയ്യാതെ അവനെ കൈക്കൊള്ളുവാനോ ദൈവമക്കൾ ആകുവാനോ ആർക്കും സാദ്ധ്യമല്ല(പ്രവൃത്തി 2:41).

പ്രിയരേ! നിങ്ങൾക്കു ദൈവഭക്തിയും, ദൈവത്തെ ഭയവും ഉണ്ടെന്ന് നിങ്ങൾ സമ്മതിക്കുന്നു എങ്കിൽ നിങ്ങൾ ദൈവത്തെക്കാൾ ഭക്തിയും, ഭയവും, അനുസരണവും കാണിക്കുന്നത് നിങ്ങളുടെ സഭാ നേതാക്കന്മാരോടാണ്(യോഹ. 12:48). സഭാ നേതാക്കന്മാർ ദൈവദൂതന്മാരേക്കാളും, വലിയവരോ? (ഗലാത്യർ 1:6,9). അവർ ആത്മികമായി നിങ്ങളോടു ഉപദേശിക്കുന്നതും, അപ്പോസ്തലൻമാർ അപ്രകാരം തന്നേ നല്കിയ ഉപദേശവും തമ്മിൽ നിങ്ങൾ താരതമ്യപ്പെടുത്തി പഠിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇനിയെങ്കിലും നിങ്ങളുടെ ഭക്തി വ്യർത്ഥമായിപ്പോകാതിരിപ്പാൻ അതു ചെയ്യുക (മത്താ. 15:8,9).

എന്തുകൊണ്ടെന്നാൽ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റിഒഴിയും? യേശുക്രിസ്തു പറഞ്ഞത് ശ്രദ്ധിച്ചാലും. 'എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും: എന്റെ പിതാവ് അവനെ സ്നേഹിക്കും: ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടു കൂടെ വാസം ചെയ്യും' (യോഹ. 14:23,24).

ക്രിസ്തുവിനെ സ്നേഹിപ്പാനും അവന്റെ കല്പന പ്രകാരം അപ്പോസ്തലന്മാർ പ്രസംഗിച്ച രക്ഷാമാർഗ്ഗം കൈക്കൊള്ളുവാനും തദ്വാരാ രക്ഷ പ്രാപിപ്പാനും ദൈവം നമുക്ക് എല്ലാവർക്കും കൃപ നല്കുമാറാകട്ടെ.

✶

# ഭൂമിയിലെ ഒരു പ്രവാചകൻ.

### കളത്തുകാൽ, രാജദാസ്

ഇസ്രായേൽ ജനം മിത്ഥ്യാമൂർത്തികളിൽ മദോൻമത്തരായി ജീവിക്കുന്ന കാലഘട്ടം. അതിനുള്ള മുഖ്യഹേതു, നെബാത്തിന്റെ മകനായ യൊരോബെയാമിന്റെ പാപങ്ങളിൽ നടക്കുന്നതു പോരാ എന്ന് തോന്നുമാറ്...... ആഹാബ് സീദോന്യ രാജാവിന്റെ സുന്ദരിയായ ഇസേബെൽ എന്ന പുത്രിയെ ഭാര്യയായി പരിഗ്രഹിക്കുകയും ബാലിനെ ചെന്ന് ആരാധിക്കുകയും നമസ്ക്കരിക്കുകയും ചെയ്തുപോന്നു. ഇവയ്ക്ക് പുറമേ അശേരാ പ്രതിഷ്ഠകൾ ഉണ്ടാ

ക്കുകയും ചെയ്തു. പ്രപഞ്ചത്തെയും അതിൽ നിറഞ്ഞുനിൽക്കുന്ന ദൈവത്തെയും നിന്ദിക്കുന്ന രീതിയിൽ ആഹാബ് രാജാവ് ദൈവത്തിന്റെ ജനമായ യിസ്രായേലിനെ കൊണ്ട് പൂജാഗിരികളിൽ യാഗം കഴിപ്പിക്കുകയും ധൂപം കാട്ടുകയും ചെയ്തു. 1 രാജാക്കന്മാർ 16:33. ഇസ്രായേലിന്റെ ദൈവമായ യഹോവയെ കോപിപ്പിക്കത്തക്കവണ്ണം തനിക്കു മുമ്പുണ്ടായിരുന്ന എല്ലാ രാജാക്കന്മാരെക്കാളും അധികം ദോഷം പ്രവർത്തിച്ചു.

സ്വയം വിചാരിക്കാത്ത ഒരു യാമത്തിലാണ് ഏലിയാ പ്രവാചകൻ, "ഇസ്രായേലിന്റെ ദൈവം ജീവനുള്ളവൻ" എന്ന ആശയത്തോടുകൂടി ആഹാബിന്റെ സന്നിധിയിൽ രംഗപ്രവേശനം ചെയ്യുന്നത്. ഏലിയാവ് ആഹാബിനോടു പ്രതിപാദിക്കുന്നത് എന്തെന്നാൽ ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാവില്ല. ഈ ദിവ്യ പ്രതിജ്ഞയ്ക്കു ശേഷം ഏലിയാവിന് ദൈവത്തിന്റെ അരുളപ്പാട് ഉണ്ടാകുന്നു. യോർദ്ദാന് കിഴക്കുള്ള കെരീത്ത് തോട്ടിനരികെ ഒളിച്ചിരിക്കണമെന്നും, തനിക്ക് ആഹാരത്തിന് വേണ്ടി കാക്കയെ നിയോഗിക്കണമെന്നും വെള്ളം തോട്ടിൽ നിന്ന് കുടിച്ചുകൊള്ളണമെന്നും ദൈവം വാഗ്ദാനം കൊടുക്കുന്നു. പ്രഭാതത്തിലും പ്രദോഷത്തിലും ദൈവീക നിശ്ചയ പ്രകാരം കാക്ക അപ്പവും ഇറച്ചിയും കൊണ്ടു വന്ന് കൊടുക്കും.

ദേശത്ത് എല്ലായിടത്തുമുള്ള നദികൾ, നീരുറവകൾ, അരുവികൾ എന്നിവ വറ്റിവരണ്ടു. ദാരിദ്ര്യം എല്ലാ പ്രദേശങ്ങളെയും പിടിച്ചു ഉലച്ചു. ശമര്യയിൽ ക്ഷാമം അതി കഠിനമായിരുന്നു. ദിനങ്ങൾ കുറെ കൊഴിഞ്ഞു വീണതിനുശേഷം ഏലിയാവിന് ദൈവീക അരുളപ്പാട് വീണ്ടും ഉണ്ടായി. " നീ എഴുന്നേറ്റ് സീദോനോടു ചേർന്ന സാരെഫാത്തിലേക്ക് ചെന്ന് അവിടെ പാർക്ക. നിന്നെ പുലർത്തേണ്ടതിന് അവിടെയുള്ള ഒരു വിധവയോട് ഞാൻ കല്പിച്ചിരിക്കുന്നു (1രാജാക്കന്മാർ 17:9)

അപ്രകാരം ഏലിയാവ് സാരെഫാത്തിലേക്ക് പോയി വിധവയെ അപ്രതീക്ഷിതമായി കണ്ടു മുട്ടുന്നു.

## വിധവയുടെ ഭവനം.

വളരെ കഷ്ടപ്പാട് നിറഞ്ഞുനിൽക്കുന്ന ഒരു സാഹചര്യമാണ് ആ ഭവനത്തിൽ ഉള്ളത്. കലത്തിൽ ഒരുപിടി മാവും തുരുത്തിയിൽ

അല്പം എണ്ണയും മാത്രമേ ഉണ്ടായിരുന്നുള്ളു എന്നത് വാസ്തവമാണ്. അപ്പം ഉണ്ടാക്കി ഭക്ഷിച്ചു മരിക്കുവാൻ ഒരുങ്ങുകയായിരുന്നു വിധവയും തന്റെ മകനും. ആ ഗൃഹത്തിലാണ് ആകസ്മികമായിട്ട് ഏലിയാവ് കടന്നുവരുന്നത്.

## ഏലിയാവിന്റെ വാഗ്ദാനം

"അവൻ വിധവയെ വിളിച്ചു" തനിക്ക് ഒരു പാത്രത്തിൽ കുറെ വെള്ളം വേണമെന്ന് ആവശ്യപ്പെട്ടു. അതിനോട്കൂടെ ഒരു അപ്പം കൊണ്ടു വരേണമെന്ന് ആവശ്യപ്പെടുന്നു. വിധവ തന്റെ ഗൃഹത്തിലെ പരിതസ്ഥിതി വെളിപ്പെടുത്തി. എന്നാൽ അതിന് വിപരീതമായി ഏലിയാവ് പ്രതിപാദിക്കുന്നു. "ആദ്യം എനിക്ക് ചെറിയൊരു അട ഉണ്ടാക്കി കൊണ്ടുവരിക. പിന്നെ നിനക്കും മഴ പെയ്യുന്ന നാൾവരെ കലത്തിലെ മാവ് തീർന്നു പോകയില്ല. ഭരണിയിലെ എണ്ണ കുറഞ്ഞുപോകയുമില്ല എന്ന് ദൈവം അരുളിച്ചെയ്യുന്നു എന്നു പറഞ്ഞു.

## അനുഗ്രഹത്തിന്റെ ഫലം

ആയതുപോലെ സാരഫാത്തിലെ വിധവയുടെ വീട്ടിലെ കലത്തിൽ മാവ് തീർന്നുപോയില്ല. ഭരണിയിലെ എണ്ണ കുറഞ്ഞുപോയില്ല. ആങ്ങനെ അവർ ദീർഘകാലം അഹോവൃത്തി കഴിച്ചു.

ദിനങ്ങൾ കൊഴിഞ്ഞുവീണതിന്ശേഷം മൂന്നാം സംവത്സരത്തിൽ ഏലീയാവിന് ദൈവത്തിന്റെ അരുളപ്പാട് ഉണ്ടാകുന്നു. "നീ ചെന്ന് ആഹാബിന് നിന്നെത്തന്നേ കാണിക്ക" അങ്ങനെ ഏലിയാവ് ആഹാബിനോട് ഭൂമിയിൽ മഴ പെയ്യിപ്പാൻ പോകുന്നു എന്ന് പ്രതിപാദിപ്പാൻ പോയി.

ആഹാബിന്റെ ഹൃഹവിചാരകനായ ഓബദ്യാവ്. യഹോവയിൽ മഹാ ഭക്തനാണ്. സർവ്വദാ ദൈവത്തെ ഉള്ളിൽ വെച്ചു ആരാധിക്കുന്ന പ്രകൃതമാണ് ഓബദ്യാവിന് ഉള്ളത് (ഭക്തൻ എന്നതിന് തെളിവ് 1രാജാ. 18:3). ആഹാബിന്റെ ഭാര്യ ഈസബെൽ ദൈവത്തിന്റെ പ്രവാചകന്മാരെ കൊല ചെയ്യുമ്പോൾ ഓബദ്യാവ് ദൈവത്തിന്റെ 100 പ്രവാചകന്മാരെ ഒരേ ഗുഹയിൽ 50 പേരായി ഒളിപ്പിച്ചു അപ്പവും വെള്ളവും കൊടുത്തു രക്ഷിക്കുന്നു.

അതികഠിനമായ ക്ഷാമത്തിൽ നിന്ന് കുതിരകളെയും കോവർ കഴുതകളെയും രക്ഷിക്കുന്നതിന് വേണ്ട പുല്ലു കിട്ടും എന്ന ആത്മ

വിശ്വാസത്തോടുകൂടെ ദേശത്തുകൂടി സഞ്ചരിക്കുകയായിരുന്നു ഓബദ്യാവും ആഹാബ് രാജാവും. ആ യാത്രയിൽ അവർ വഴിക്കു വെച്ച് പിരിഞ്ഞു രണ്ട് വഴിയായി പോയി. ഓബദ്യാവ് പാതയിൽ വിശ്രമിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഏലിയാവ് ഏതിരേറ്റു വരുന്നത് കണ്ടത്. ഏലീയാവിനെ മനസ്സിലാക്കിയ ആ നിമിഷം തന്നെ സാഷ്ടാംഗം വീണു. എന്റെ യജമാനനായ ഏലിയാവോ എന്നു ചോദിക്കുന്നു. അതിന് ഉത്തരമായി, " അതേ ഞാൻ തന്നെ" എന്ന് മറുപടി ലഭിക്കുന്നു. നീ പോയി ഏലിയാവ് ഇവിടെ ഉണ്ടെന്ന് യജമാനനോട് പറക എന്നു പറഞ്ഞു. യജമാനൻ നിന്നെ അന്വേഷിക്കാത്ത ജാതിയും രാജ്യവും ഇല്ലാ എന്ന് ഓബദ്യാവ് പറയുകയും, അടിയൻ ബാല്യം മുതൽ യഹോവ ഭക്തൻ ആകുന്നു എന്നുള്ള സത്യം തുറന്നു പറയുകയും ചെയ്യുന്നു. ഈ ഓബദ്യാവ് സദാ ദൈവമായ യഹോവയെ മനസ്സിൽവച്ചു ആരാധിക്കുന്ന ഒരു ബഹുമാന്യ വ്യക്തിയാണ്. ഈസബേലിന്റെ നയനങ്ങളിൽ അടക്കപ്പെടാതവണ്ണം യഹോവയുടെ പ്രവാചകന്മാരെ സംരക്ഷിക്കുന്നതിനുള്ള ഒരു തെളിവാണ് (1രാജാ. 18:4).

ഏലിയാവ് തന്റെ ജീവനുള്ള സത്യദൈവത്തെ ജാതികളുടെ മുമ്പിൽ അവതരിപ്പിക്കുവാൻ ഒരുങ്ങുന്നു. ഓബദ്യാവിനോട് ഏലിയാവ്- നിന്റെ യജമാനനോടു ഏലിയാവ് ഇവിടെ ഉണ്ടെന്നുള്ള വസ്തുത ബോധിപ്പിക്കുക എന്നു പറഞ്ഞു. അങ്ങനെ ആഹാബ് രാജാവിന്റെ ഗൃഹവിചാരകനായ ഓബദ്യാവ് ഭയത്തോടും വിറയലോടും കൂടെ യജമാനനെ വസ്തുത ബോധിപ്പിക്കുന്നു ഈ സന്ദർഭം ഏലിയാവ് നല്ലൊരു അവസരമായി പ്രയോജനപ്പെടുത്തുന്നു. ഏലിയാവിനെ ആഹാബ് കണ്ടപ്പോൾ അവനോട് "ആർ ഇത്? ഇസ്രായേലിനെ കഷ്ടപ്പെടുത്തുന്നവനോ?" എന്ന് പരിഹാസ രീതിയിൽ സംസാരിക്കുന്നു. ശീഘ്രം തന്നെ ഏലിയാവ് തന്റെ വായിൽ നിന്ന് അഗ്നി പോലുള്ള വാക്യങ്ങൾ പുറപ്പെടുവിക്കുന്നു. "ഇസ്രായേലിനെ കഷ്ടപ്പെടുത്തുന്നത് ഞാനല്ല നീയും നിന്റെ പിതൃഭവനവുമത്രേ. നിങ്ങൾ യഹോവയുടെ കല്പനകളെ ഉപേക്ഷിക്കയും നീ ബാൽ വിഗ്രഹങ്ങളെ ചെന്നു സേവിക്കുകയും ചെയ്യുന്നതു കൊണ്ടു തന്നേ" (1രാജാ. 18:18).

## യഹോവ ജീവനുള്ള ദൈവം

ബാലിന്റെ 450 പ്രവാചകന്മാരെയും 400 അശേരാ പ്രവാചകന്മാരേയും 'കർമ്മേൽ' പർവ്വതത്തിൽ എന്റെ അടുക്കൽ കൂട്ടി വരുത്തുക എന്ന് ഏലിയാവ് കല്പിക്കുന്നു. അപ്രകാരം ആഹാബിന്റെ ഉത്തരവാദിത്വത്തിൽ എല്ലാ പ്രവാചകന്മാരും കൂടി വന്നു. ഈ സമയം ഒരു ലഘു വിളബരം ചെയ്യുന്നു. ഏലിയാവ് സർവ്വജനത്തോടും "നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ കാൽവെക്കും? യഹോവ ദൈവം എങ്കിൽ അവനെ അനുഗമിപ്പിൻ ബാൽ ദൈവം എങ്കിലോ അവനെ പിൻതുടരുവിൻ. ഇതിന് ഒന്നും യിസ്രായേൽ ജനം ശരിയായ ഉത്തരം പറഞ്ഞില്ല. യഹോവ ജീവനുള്ള ദൈവം എന്ന് തെളിയിക്കുവാൻ വേണ്ടി ബാലിന്റെ സർപ്പ സന്തതികളെ വെല്ലു വിളിക്കുന്നു. യഹോവയുടെ പ്രവാചകനായി ഏലിയാവ് മാത്രമേ ശേഷിക്കുന്നുള്ളു. ബാലിന്റെ 450 പ്രവാചകന്മാരോട് രണ്ട് കാളയെ തരട്ടെ എന്നു ആഹാവിനോട് ഏലിയാവ് പ്രഖ്യാപിക്കുന്നു. ആ രണ്ട് കാളയെ ഖണ്ഡംഖണ്ഡമാക്കി തീയിടാതെ വിറകിന് മേൽ വെക്കട്ടെ മറ്റെ കാളയെ ഏലിയാവും അതുപോലെ ഒരുക്കി തീ ഇടാതെ വിറകിന്മേൽ വെക്കാം, നിങ്ങൾ നിങ്ങളുടെ ദേവന്റെ നാമത്തിൽ വിളിച്ചപേക്ഷിപ്പിൻ. ഞാൻ യഹോവയുടെ നാമത്തെ വിളിച്ചു അപേക്ഷിക്കാം. അഗ്നികൊണ്ട് ഉത്തരം അരുളുന്ന ദൈവം തന്നേ ദൈവം എന്നിരിക്കട്ടെ (1രാജാ. 18:24).

## യഹോവ സത്യ ദൈവം

പതിവുപോലെ "ബാലേ ഉത്തരമരുളേണമേ പ്രഭാതം മുതൽ സൂര്യതീക്ഷണം ഭൂമിയിൽ അതി കഠിനമായി വരുന്ന ഉച്ചവരെ ബാലിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചു. വിറകിന്മേലിരിക്കുന്ന മാംസത്തെ ദഹിപ്പിക്കേണമേ എന്ന് നിലവിളിച്ചു. എന്നാൽ ശബ്ദമോ മറുപടിയോ യാതൊരു ചിഹ്നങ്ങളോ ഉണ്ടായില്ലാ. രക്തം ഒഴുകുവോളം വാൾകൊണ്ടും കുന്തം കൊണ്ടും തങ്ങളെ തന്നേ മുറിവേല്പിച്ചു. അവർ നിർമ്മിച്ച ബലിപീഠത്തിന് ചുറ്റും തുള്ളിച്ചാടിക്കൊണ്ടിരുന്നിട്ടും പ്രതിവാക്യമൊന്നും ഉണ്ടായില്ല. ഉച്ചയായപ്പോൾ ഏലിയാവ് അവരെ പരിഹാസമായ വചസ്സുകൾ പറഞ്ഞു നിന്ദിക്കുന്നു. "ഉറക്കെ വിളിപ്പിൻ അവൻ ദേവനല്ലോ, അവൻ ധ്യാനിക്കയാകുന്നു അല്ലെങ്കിൽ വെളിക്കു പോയിരിക്കയാകുന്നു. അല്ലെങ്കിൽ യാത്രയിലാകുന്നു. അല്ലെങ്കിൽ പക്ഷെ ഉറങ്ങുകയായിരിക്കും"(1രാജാ. 18:27).

എന്റെ അടുക്കൽ വരുവിൻ എന്ന് സർവ്വ ജനത്തോടും ഏലിയാവ് പറഞ്ഞു. അപ്രകാരം ഏലിയാവിന്റെ കല്പന അനുസരിച്ചു എല്ലാ ജനങ്ങളും അടുത്തു ചെന്നു. അതിനുശേഷം അവൻ ഇടിഞ്ഞുകിടക്കുന്ന ദൈവത്തിന്റെ യാഗപീഠം നല്ലത് പോലെ മോടിപിടിപ്പിച്ചു. ആ നിമിഷം നിനക്കു "യിസ്രായേൽ എന്നു പേരാകും" എന്ന് ദൈവത്തിന്റെ അരുളപ്പാട് ഉണ്ടാകുന്നു.

(വായനാഭാഗം-1 രാജാക്കന്മാർ 18:31-36) നീ സത്യദൈവമാകുന്നുവെന്ന് ഈ ജനം അറിയേണ്ടതിന് ഉത്തരം അരുളണമേ എന്ന് ഏലിയാവ് അപേക്ഷിക്കുന്നു.അപ്പോൾ യഹോവയുടെ അഗ്നി ഇറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു: തോട്ടിലെ വെള്ളവും വറ്റിച്ചുകളഞ്ഞു. കർക്കശമായ ഈ സംഭവം കണ്ടു ജനത്തിന്റെ നയനങ്ങളെ അത്ഭുതപ്പെടുത്തി. സർവ്വജനവും ഭൂമിയിൽ കമിഴ്ന്നുവീണു യഹോവ തന്നെ സത്യദൈവമെന്ന് ആവർത്തിച്ചുപറഞ്ഞു.

ഏലിയാവ് ബാലിന്റെ പ്രവാചകൻമാർ ഓടി രക്ഷപ്പെടാതെ പിടിച്ചു കെട്ടി അവരെ കീശോൻ തോട്ടിനരികെ കൊണ്ടുവന്ന് അവിടെ വെച്ച് നിഷ്പ്രയാസം കൊന്നുകളഞ്ഞു.

പഴയ നിയമത്തിൽ ഏലിയാവും പുതിയ നിയമത്തിൽ സ്നാപകയോഹന്നാനെയും നാം കാണുന്നുണ്ട്. രണ്ട് വക്തികളിലും ചില വ്യത്യാസങ്ങളും സാദൃശ്യങ്ങളുമുണ്ട്. ഏലിയാവ് സത്യദൈവത്തെ കാട്ടികൊടുക്കുന്നു. യോഹന്നാൻ സ്വർഗ്ഗരാജ്യത്തെയും. ക്രിസ്തുവിനെ കുറിച്ചും മാനസാന്തരത്തെപ്പറ്റിയും പ്രസംഗിക്കുന്നു (മർക്കൊസ് 1:14). രണ്ടു വ്യക്തികളും മരുഭൂമിയിൽ കഴിഞ്ഞിട്ടുണ്ട്. ഏലിയാവ് ആഹാബ് രാജാവിന്റെ സന്നിധിയിൽ ഹാജരായി, യോഹന്നാൻ ഹെരോദാവിന്റെ സന്നിധിയിലും. ഏലിയാവ് ഈസബേൽ എന്ന രാജ്ഞിയെ ഭയന്ന് ഓടിപോകേണ്ടി വന്നു (1 രാജാ. 19:2). യോഹന്നാൻ ഹെരോദ്യ എന്ന രാജസ്ത്രീ മുഖേന ശിരസ് ഛേദിക്കപ്പെട്ടു. ഏലിയാവ് കൊലപാതകം നടത്തിയിട്ടുണ്ട്. മരണം കാണാതെ എടുക്കപ്പെട്ടു. ഏലിയാവ് ദൈവത്തോട് സംസാരിച്ചു. യോഹന്നാൻ ക്രിസ്തുവിനെ സ്നാനം കഴിപ്പിച്ചു. സ്നാപകയോഹന്നാനെ ഏലിയാവ് എന്നും മറ്റുചിലർ പ്രവാചകന്മാരിൽ ഒരുവൻ എന്നും സംശയിച്ചിരുന്നു.

യഥാർത്ഥമായി യോഹന്നാൻ യേശുക്രിസ്തുവിന്റെ വഴി ഒരുക്കി

അവന്റെ പാത നിരപ്പാക്കുവാൻ വന്നവനാണ് എന്ന് യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ പറയുന്നു. യോഹന്നാന്റെ വസ്ത്രധാരണവും ഭക്ഷണക്രമവും മറ്റുള്ള മനുഷ്യരിൽനിന്ന് വ്യത്യസ്തമായിരുന്നു. ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽ വാറും. ആഹാരം വെട്ടുക്കിളിയും കാട്ടുതേനുമായിരുന്നു. ലൗകിക ജീവിതം അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ദൈവത്തിന് വിരോധമായ പ്രശ്നങ്ങളെയും സുവിശേഷ സത്യങ്ങൾ, പ്രസംഗിക്കുകയും ചെയ്യുക എന്നത് ഒരു തീവ്രമേറിയ സംഗതിയായിരുന്നു (ഉദാഹരണം മർക്കൊസ് 6:17). ഹെരോദാവ് തന്റെ സഹോദരനായ ഫിലിപ്പോസിന്റെ ഭാര്യയെ പരിഗ്രഹിച്ചത് ദൈവത്തിന്റെ കല്പനക്ക് വിരോധമാണെന്നുള്ള യാഥാർത്ഥ്യം യോഹന്നാൻ ചൂണ്ടികാണിക്കുന്നു. തന്മൂലം സ്നാപക യോഹന്നാന്റെ ശിരസ് ഛേദിക്കപ്പെടുന്നു. പുരാതനകാലം മുതൽക്ക് തന്നെ സുവിശേഷ സത്യങ്ങൾ തുറന്നു സംസാരിച്ച വ്യക്തികളെ കൊല്ലുകയും ഉപദ്രവിക്കയും ചെയ്തിരുന്നു. ഇതുപോലെയാണ് സുവിശേഷകനായ പൗലൊസിന് പീഢനങ്ങൾ സഹിക്കേണ്ടി വന്നത്. മഹാപുരോഹിതനായ അനന്യാസ് അരികെ നിൽക്കുന്നവരോട് അവന്റെ (പൗലോസ്) വായിൽ അടിപ്പാൻ കല്പിച്ചു. പൗലോസ് അവരോട് “ദൈവം നിന്നെ അടിക്കും” എന്ന പ്രതിവാക്യമാണ് പ്രസ്താവിച്ചത്. പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ രക്ഷിതാവായ ക്രിസ്തുയേശുവിൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ. ആമേൻ...

✶

# ആത്മാവിന്റെ ഫലം

ദൈവത്തിന്റെ മനുഷ്യൻ നല്ല പ്രവൃത്തികൾ ചെയ്ത് ലോകത്തിൽ ഐക്യതയും സമാധാനവും നിലനിർത്തേണ്ടതിനും, ലോകത്തിന്റെ വെളിച്ചമായിത്തീരേണ്ടതിനും. തദ്വാരാ നിത്യജീവനു അവകാശികളായിത്തീരുവാനും ദൈവം അവർക്കു നല്കുന്ന ദാനമാണ് ആത്മാവിന്റെ ഫലം.

“ദൈവം ആത്മാവ് ആകുന്നു” എന്നും, “ദൈവം സൽഗുണപൂർണ്ണനാകുന്നു” എന്നും തിരുവചനം പഠിപ്പിക്കുന്നു. ദൈവം ആത്മാവുമാണ്(യോഹ. 4:24;ശേഷം 29-ാം പേജിൽ നോക്കുക).

**Watch!**

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം ഇവയാണ് ആത്മാവിന്റെ ഫലം (ഗലാ. 5:22,23). ഇവ എണ്ണത്തിൽ ഒൻപതായി രേഖപ്പെടുത്തിയിരിക്കുന്നു എങ്കിലും ഫലത്തിൽ ഇവയെല്ലാം ഒന്നാണെന്നും വെളിപ്പെടുന്നു. ഇക്കാരണത്താലാണ് "ആത്മാവിന്റെ ഫലങ്ങൾ എന്ന് വിശേഷിപ്പിക്കാതെ ആത്മാവിന്റെ ഫലമോ എന്ന് വർണ്ണിച്ചിരിക്കുന്നത്. മാത്രമല്ല, "ദൈവം സ്നേഹം തന്നേ" എന്നു പഠിപ്പിക്കുന്നതിനാൽ ആ ദൈവസ്നേഹത്തിൽ ഈ ഫലമെല്ലാം അന്തർഭവിച്ചിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. എന്നാൽ നാം എല്ലാവരും ദൈവത്തിന്റെ മനുഷ്യരാകുന്നത് എപ്രകാരമാണ്? ആദിമ ക്രിസ്ത്യാനികൾ കർത്താവിന്റെ ശിഷ്യന്മാരെന്നും, ദൈവത്തിന്റെ മനുഷ്യരെന്നും, ക്രിസ്തുവിന്റെ സഭയെന്നും അറിയപ്പെടുന്നു (പ്രവൃ. 6:1; 6:1; 9:1; 9:19; 11:26).

എന്നാൽ ആരാണു അവരെ കർത്താവിന്റെ ശിഷ്യന്മാർ, ക്രിസ്തുവിന്റെ സഭ അഥവാ ക്രിസ്ത്യാനികൾ ആക്കിയതു? അതു ക്രിസ്തുവിന്റെ അപ്പൊസ്തലന്മാരാണു (മത്താ. 28:18-20)എപ്രകാരം? അപ്പൊസ്തലന്മാർ യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിച്ചു. അതു കേട്ടു വിശ്വസിച്ചവർ മാനസാന്തരപ്പെടുകയും യേശു ദൈവപുത്രനെന്നു ഏറ്റുപറഞ്ഞു പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കയും ചെയ്തു. ഇപ്രകാരം സ്നാനം ഏൽക്കുന്നവർക്ക് ദൈവത്തിന്റെ വാഗ്ദത്തമായ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുമെന്നും അപ്പോസ്തലൻ വെളിപ്പെടുത്തി. മാത്രമല്ല ഇപ്രകാരം ഈ വക്രതയുള്ള തലമുറയിൽ നിന്നു രക്ഷിക്കപ്പെടുവിൻ എന്നും അപ്പോസ്തലൻ ആഹ്വാനം ചെയ്തു. അതനുസരിച്ച് അവർ രക്ഷിക്കപ്പെടുകയും കർത്താവ് അവരെ സഭയോടു ചേർക്കയും ചെയ്തു. അവർ കർത്താവിന്റെ ശിഷ്യന്മാരെന്നും ക്രിസ്തുവിന്റെ സഭയെന്നും ക്രിസ്ത്യാനികൾ എന്നും അറിയപ്പെട്ടു. ആ ക്രിസ്ത്യാനികളാണ് ദൈവത്തിന്റെ മനുഷ്യൻ എന്നറിയപ്പെടുന്നത്. നമുക്കും ഇപ്രകാരംതന്നെ ദൈവത്തിന്റെ മനുഷ്യരാകാവുന്നതാണ്.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. TV Program - Every Saturday at 6.00 a.m. (Jai Hind TV) Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

Reg. No. K.Dis. 90095/86/A8. Reg. No. KL / TV (N) 22/2012-15

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378